OASIS
Older Adults Sharing In Service
NEWS BULLETIN
STATE BANK OF INDIA PENSIONER'S ASSOCIATION (KERALA)
KOTTAYAM DISTRICT CENTRE
Vol. 1 Book 6 Regd. No. ER/450/2001 Date:31.12.2019






# ക്രിസ്തുമസ്സ് നവവൽസരാശംസകൾ

ക്രിസ്തുമസ്സിന്റെ ഉത്ഭവത്തെപ്പറ്റി വ്യക്തമായ ചരിത്ര രേഖകളില്ല. ഡിസംബർ 25 ക്രിസ്തുവിന്റെ ജന്മദിനമായി ആചരിക്കാനുള്ള കാരണവും ചരിത്രകാരന്മാർക്ക് അജ്ഞാതമാണ്. ക്രിസ്തുവർഷം നാലാം നൂറ്റാണ്ടുമുതലാണ് ഡിസംബർ 25 ക്രിസ്തുമസ്സായി ആചരിക്കപ്പെടാൻ തുടങ്ങിയതെന്നാണ് ഏറ്റവും പ്രബലമായ വാദം. ക്രിസ്ത്യാനിയായി മാറിയ റോമൻ ചക്രവർത്തി കോൺസ്റ്റന്റൈൻ ഡിസംബർ 25 തന്റെ സാമ്രാജ്യത്തിലെ ക്രിസ്തുമത വിശ്വാസികൾക്കും പേഗൻ മതവിശ്വാസികൾക്കും പൊതുവായ ഒരാഘോഷദിനമായി പ്രഖ്യാപിച്ചു എന്നാണ് കരുതപ്പെടുന്നത്.

റോമാ സാമ്രാജ്യത്തിന്റെ പിന്തുടർച്ചയായി ക്രിസ്തുമതത്തിലേക്ക് കുടിയേറിയതാണ് ക്രിസ്തുമസ് എന്ന കാര്യത്തിൽ ചരിത്രകാരന്മാർക്കിടയിൽ ഐക്യമുണ്ട്. എന്നു മുതൽ എന്നതിലാണ് തർക്കം. റോമൻ സംസ്കാരത്തിൽ ഡിസംബർ 25 സൂര്യദേവന്റെ ജന്മദിനമായാണ് ആചരിച്ചിരുന്നത്. നാലാം നൂറ്റാണ്ടുവരെ റോമാക്കാരുടെ ഔദ്യോഗിക മതമായിരുന്ന സോൾ ഇൻവിക്റ്റസ്. (സോൾ ഇൻവിക്റ്റസ് എന്നാൽ മറഞ്ഞിരിക്കുന്ന സൂര്യൻ.) ശൈത്യകാലത്ത് ഇവർ സൂര്യദേവന്റെ പുനർജനനം ആഘോഷിച്ചു. ക്രിസ്തുമത വിശ്വാസം സ്വീകരിക്കുന്നതുവരെ കോൺസ്റ്റന്റൈൻ ചക്രവർത്തിയും സോൾ ഇൻവിക്റ്റസ് ആചാരങ്ങളാണ് പിന്തുടർന്നത്. എന്നാൽ അദ്ദേഹത്തിന്റെ മതം മാറ്റത്തോടെ റോമൻ സാമ്രാജ്യത്തിലും അതിന്റെ സ്വാധീന മേഖലകളിലും ക്രിസ്തുമതം വ്യാപകമായി. ക്രിസ്തുമതം സ്വീകരിച്ചെങ്കിലും റോമാക്കാർ തങ്ങളുടെ പഴയ ആചാരങ്ങൾ മിക്കവയും നിലനിർത്തി. റോമൻ ആധിപത്യത്തിൻ കീഴിലായ ക്രിസ്തുമതവും ഈ ആഘോഷങ്ങൾ പിന്തുടർന്നു. ഇക്കാരണങ്ങൾ കൊണ്ട്, റോമാക്കാരുടെ സൂര്യദേവന്റെ ജന്മദിനമായ ഡിസംബർ 25 ക്രിസ്തുവിന്റെയും ജനന ദിവസമായി ആചരിക്കപ്പെടാൻ തുടങ്ങി എന്നു കരുതാം. പേഗൻ പാരമ്പര്യങ്ങളുടെ പിന്തുടർച്ചയായതിനാൽ 1800 വരെ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങൾ ഡിസംബർ 25 ക്രിസ്തുവിന്റെ പിറവിത്തിരുന്നാളായി ആചരിച്ചിരുന്നില്ല. ഇന്നും ഇക്കാരണത്താൽ ക്രിസ്തുമസ് ആഘോഷിക്കാത്ത പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളുണ്ട്.

കത്തോലിക്കർ, പ്രൊട്ടസ്റ്റന്റ് സഭകൾ, ഗ്രീക്ക് ഓർത്തഡോക്സ് സഭ, റുമേനിയൻ ഓർത്തഡോക്സ് സഭ എന്നിവർ ഡിസംബർ 25നാണ് ക്രിസ്തുമസ് ആഘോഷിക്കുന്നത്. എന്നാൽ പൗരസ്ത്യ ക്രിസ്ത്യൻ ഓർത്തഡോക്സ് സഭകളിൽ മിക്കവയും ജനുവരി ഏഴ് യേശുവിന്റെ ജന്മ ദിനമായി ആചരിക്കുന്നു. കലണ്ടർ രീതികളിൽ വരുത്തിയ പരിഷ്കാരങ്ങൾ മൂലമാണ് ഇത്തരത്തിൽ രണ്ടു തീയതികൾ ക്രിസ്തുമസ്സായി വന്നത്. ഏതായാലും ലോകത്തിന്റെ ബഹുഭൂരിപക്ഷം സ്ഥലങ്ങളിലും ഡിസംബർ 25 ആണ് ക്രിസ്തുമസ്സായി ആഘോഷിക്കുന്നത്.

ക്രിസ്തുമസ് നാളുകളിൽ പുൽക്കൂടൊരുക്കുക, നക്ഷത്രവിളക്കിടുക, സമ്മാനങ്ങൾ കൈമാറുക തുടങ്ങി പലദേശങ്ങളിലുമുള്ള ആചാര ങ്ങൾ ക്രിസ്തുവിന്റെ ജനനത്തെ സംബന്ധിച്ചുള്ള കഥകളിൽനിന്നും രൂപമെടുത്തവയാണ്. പുൽക്കൂട് യേശുവിന്റെ ജനനസ്ഥലത്തെ സൂചിപ്പിക്കുമ്പോൾ നക്ഷത്രവിളക്ക് ജ്ഞാനികൾക്കു വഴികാട്ടിയ നക്ഷത്രത്തിന്റെ പ്രതീകമാണ്.



*വിക്കിപീഡിയയോട് കടപ്പാട്




## ഡി.എച്ച്.എഫ്.എലി നെതിരേ പപ്പരത്ത നടപടിക്ക് റിസർവ്വ് ബാങ്ക്

സാമ്പത്തിക പ്രതിസന്ധിയിലായ ഭവന വായ്പ്പാ സ്ഥാപനം ഡി.എച്ച്.എഫ്.എൽ. നെതിരേ പാപ്പരത്ത നടപടി തുടങ്ങുന്നതിനുള്ള റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ യുടെ അപേക്ഷ ദേശീയ കമ്പനി നിയമ ട്രിബ്യൂണലിന്റെ മുംബൈ ബെഞ്ച് സ്വീകരിച്ചു. രാജ്യത്ത് പാപ്പരത്ത നടപടി നേരിടുന്ന ആദ്യ




ധനകാര്യ സ്ഥാപനമാണ് ദിവാൻ ഹൌസിംഗ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് (Dewan Housing Finance Corporation Ltd.) എന്ന ഭവന വായ്പ്പാ സ്ഥാപനം.

### രാജ്യത്തിന്റേയും ബാങ്കുകളുടേയും റേറ്റിംഗ് കുറച്ച് മൂഡീസ്

ഇൻഡ്യയുടെ ക്രെഡിറ്റ് റേറ്റിംഗ് അനുമാനം ആഗോള ഏജൻസിയായ മൂഡീസ് ഇൻവെസ്റ്റ്മെന്റ് സർവീസസ് വെട്ടിക്കുറച്ച് നെഗറ്റീവ് (–) ആക്കി. കട ബാദ്ധ്യത ഭീമമായ നിലയിൽ ഉയർന്നതും സാമ്പത്തിക മാന്ദ്യം നേരിടുന്നതിൽ ഫലപ്രദമല്ലെന്നും ചൂണ്ടിക്കാട്ടിയാണ് നടപടി.

## രാജ്യം കടുത്ത സാമ്പത്തിക മാന്ദ്യത്തിലാണെന്ന് അന്താരാഷ്ട്ര നാണ്യ നിധി.(ഐ.എം.എഫ്)

രാജ്യം കടുത്ത സാമ്പത്തിക ഞെരുക്കത്തിലാണെന്ന് അറിയാമെന്ന് മാത്രമല്ല എല്ലാവരും അംഗീകരിച്ച തുകൊണ്ടും പൗരത്വ പ്രശ്നങ്ങൾ സംബന്ധിച്ച ബഹളങ്ങളിൽ മുങ്ങിപ്പോയതുകൊണ്ടും ഇക്കാര്യം പൊതുചർച്ചയിലെങ്ങും ഇടം പിടിച്ചില്ല. 2019 ജൂലൈ-സെപ്റ്റംബർ പാദത്തിൽ ഇന്ത്യയുടെ സാമ്പത്തിക വളർച്ച 4.5 ശതമാനമായി താഴ്ന്നു. 6.1% ആയിരുന്നു ഐ.എം.എഫ് നിശ്ചയിച്ചിരുന്ന വളർച്ചാ നിരക്ക്. ഇന്ത്യയുടെ മദ്ധ്യകാല വളർച്ച 7% ന് മുകളിലെത്തിക്കാൻ ഐ.എം.എഫ് മുന്നോട്ടു വെയ്ക്കുന്ന ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

- ബാങ്കുകളുടെ ബാലൻസ് ഷീറ്റ് ക്രമപ്പെടുത്തൽ
- പൊതു മേഖലാ ബാങ്കുകളുടെ ഭരണ സംവിധാനം ശക്തിപ്പെടുത്തൽ
- ബാങ്കിംഗിതര ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കൽ
- രാജ്യത്തിന്റെ മൊത്തം കടം മൊത്തം ആഭ്യന്തരോല്പ്പാദനത്തിന്റെ 60% ആയി നില നിർത്തൽ
- പുതിയ സാമ്പത്തിക ഉത്തേജന പാക്കേജുകൾ പ്രഖ്യാപിക്കാതിരിക്കൽ

അടുത്ത കാലത്തൊന്നും നേരിട്ടിട്ടില്ലാത്ത വലിയ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് രാജ്യം കടന്നു പോകുന്നത്. അന്താരാഷ്ട്ര ഏജൻസികൾ ഇടക്കിടെ മോശം സൂചനകൾ പുറത്തു വിടുന്നത് അഭികാമ്യമല്ല. കൂട്ടായ പരിശ്രമങ്ങളിലൂടെ ഇത്തരം പ്രതിസന്ധികൾ മറി കടക്കണം. ഇതിനായി സമാധാനാന്തരീക്ഷം നിലനിർത്താൻ സർക്കർ മുൻഗണന നല്കേണ്ടതുണ്ട്.

## എസ്.ബി.ഐ. മാഗ്നെറ്റിക് സ്ട്രിപ്പ് കാർഡുകൾ ഡിസംബർ 31 വരെ മാറ്റി വാങ്ങാം.

റിസർവ്വ് ബാങ്ക് നിർദ്ദേശമനുസരിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ മാഗ്നെറ്റിക് സ്ട്രിപ്പ് കാർഡുകൾക്ക് പകരം കൂടുതൽ സുരക്ഷിതമായ ഇ.എം.വി.ചിപ്, (Europay Master Card Visa chip) പിൻ കാർഡുകൾ നല്കിയിട്ടുണ്ട്. ഇടപാടുകാരുടെ എണ്ണം മറ്റ് ബാങ്കുകളെ അപേക്ഷിച്ച് കൂടുതലായതിനാൽ എസ്.ബി.ഐ. ഇത് പൂർണ്ണമായി നടപ്പാക്കാൻ ഒരു വർഷത്തെ സമയമെടുക്കുകയായിരുന്നു. ഈ വർഷം അവസാനത്തോടെ പഴയ മാഗ്നെറ്റിക് സ്ട്രിപ്പ് കാർഡുകളെല്ലാം റദ്ദാക്കുമെന്ന് എസ്.ബി.ഐ ട്വിറ്ററിലൂടെ അറിയിച്ചു.




ബാങ്ക് ശാഖയിൽ നേരിട്ട് ചെന്നോ **www.onlinesbi.com** എന്ന പോർട്ടലിൽ കയറി ഓൺലൈൻ ആയോ അപേക്ഷിക്കാം. എസ്.ബി.ഐ. സൗജന്യമായാണ് കാർഡ് മാറ്റി നല്കുന്നത്. ശേഷം

കാർഡ് ഉപയോഗിക്കാൻ ഒരു ഗ്രീൻ പിൻ സെറ്റ് ചെയ്യണം.




# ബാങ്കുകളും കർഷകരും കാർഷിക വായ്പയും

## അഡ്വ. പി.പി.ഫിലിപ്പ്

നാളേറെയായി നാട്ടിലെ പ്രധാന ചർച്ചാ വിഷയമാണിത്. ഇൻഡ്യയിൽ ബാങ്കുകൾ ഉദാരമായി കാർഷിക വായ്പ കൊടുത്തു തുടങ്ങിയിട്ട് നാളുകൾ ഏറെയായി. ഇവിടുത്തെ ബാങ്കുകൾ കൃഷി വായ്പ എന്ന പേരിൽ ഒരു വായ്പ വിതരണം ചെയ്തില്ലായിരുന്നെങ്കിൽ ഈ നാടിന്റെ ഗതി ഇന്നു അതി ശോചനീയമാകുമായിരുന്നു.

കൃഷി വായ്പകളെടുത്തവർ ആ പണം കൊണ്ട് കൃഷി തന്നെ ചെയ്തിരുന്നെങ്കിൽ ഇന്നിവിടം ഒരു സമ്പന്ന വിഭാഗത്തെ കൊണ്ടു നിറഞ്ഞേനേ. കൃഷി വായ്പ എന്ന മട്ടിൽ ധനസഹായം വാങ്ങിച്ച് ഇവിടുത്തെ ആളുകൾ ഭൂരിപക്ഷവും വസ്തു വാങ്ങുക, വീടു പണിയുക, പെണ്ണിനെ കെട്ടിക്കുക, ഇങ്ങനെ ഉല്പാദനേതര ചെലവുകളാണ് നടത്തിയത്.

ഇത്തരം കൃഷി വായ്പകളെടുത്തവർ ചിലരൊക്കെ ആ വായ്പയാലേ തകരാൻ കാരണവും ആയി. ഇതു ബാങ്കുകൾക്ക് അജ്ഞാതമായ കാര്യവുമല്ലായിരുന്നു.

നാട്ടിൻപുറത്തെ സാദാരണക്കാരനെ സഹായിക്കാൻ ബാങ്കുകൾ ശരിക്കും കണ്ണടക്കുകയായിരുന്നു. ഇങ്ങനെ ചെയ്തിട്ടുള്ള സത്യസന്ധരെ ബാങ്കുകൾ കാര്യമറിഞ്ഞു സഹായം തുടരുകയും ചെയ്തിരുന്നു. കൃത്യസമയത്തു കൊടുക്കപ്പെട്ട ഒരു കൃഷി വായ്പ / ബാങ്കു വയ്പ എത്രയോ ആത്മഹത്യകൾ ഒഴിവാക്കിയിട്ടുണ്ട് ! " അരുത് ആത്മഹത്യ , വരൂ ബാങ്കിലേക്ക്" എന്നെഴുതി ബാനർ വച്ച ബാങ്കു ബ്രാഞ്ചും കേരളത്തിലുണ്ടായിരുന്നു.

ബാങ്കിൽ നിന്നും കടമെടുത്തു വഴിവിട്ടു ജീവിക്കുകയും പണം ധൂർത്തടിക്കുകയും ചെയ്തവരാണ് നാശത്തിലും നിരാശയിലും വീണവരിലേറെയും. അപവാദങ്ങൾ ക്കതീതമല്ല ഈ പ്രസ്താവനയും .

സത്യം ഇതെന്നിരിക്കെ, സർക്കാരും രാഷ്ട്രീയക്കാരും പൊതുജനങ്ങളിൽ ചിലരും കർഷക കെടുതികൾക്കെതിരെ ബാങ്കുകൾക്കു നേരെ തിരിയുന്നതു നല്ല ഭാഷയിൽ പറഞ്ഞാൽ മൗഢ്യമാണ്. സ്വതന്ത്ര ഭാരതത്തിന്റെ സാമ്പത്തിക വളർച്ചയിൽ ഇവിടുത്തെ ബാങ്കുകൾ നിർണായക പങ്കു വഹിച്ചിട്ടുണ്ട്. പക്ഷേ അതു കൂടുതൽ അടിസ്ഥാനപരവും ശാസ്ത്രീയവുമായി നിർവഹിക്കപ്പെട്ടിരുന്നെങ്കിൽ ഈ നാടിന്റെ സമ്പൂർണ വികസനം ഈ കൃഷി വായ്പകൾകൊണ്ടു തന്നെ സാധിക്കുമായിരുന്നു

ഒരു ഗ്രാമത്തിന്റെ സമഗ്ര വികസനത്തിനു പദ്ധതി തയ്യാറാക്കി ഒരു കാലാവധി അടിസ്ഥാനത്തിൽ ആ ഗ്രാമത്തെ ഒരഞ്ചു വർഷക്കാലത്തേക്ക് ഒരേ മാനേജരുടെ കീഴിലാക്കി ഒരു ബാങ്കു ബ്രാഞ്ചിനു ദത്തായി കൊടുത്തിരുന്നെങ്കിൽ ഓരോ ഗ്രാമവും ഇതിനകം സ്വയംപര്യാപ്തമായേനേ.

അധികാരമേറ്റ ജനാധിപത്യ ഭരണം, ലക്ഷ്യം തെറ്റി ചരിച്ചപ്പോൾ തകർന്നതു ഈ നാടിന്റെ ഭാവി തന്നെ. ബാങ്കുകളുടെ ഭരണ നേതൃത്വങ്ങളിലും ഉത്തമ വ്യക്തിത്വങ്ങൾ അല്ലാതിരുന്നവർ വിരാജിക്കാൻ ഇടക്കിടെ ഇടയായിട്ടുണ്ട്. എങ്കിലും ഇന്നത്തെ ബാങ്കു വിരോധത്തിനു ന്യായങ്ങൾ കുറവു തന്നെ. ഒന്നോർക്കുക, ബാങ്കുകൾ കർഷക സൗഹൃദം തന്നെയാണ് .

ബാങ്കുകളിലെ ഉത്തരവാദിത്വപ്പെട്ടവരാണ് ഇതൊക്കെ തക്കസമയം പറയേണ്ടതെന്നു മാത്രം.. ഇതു കുറിക്കുന്നയാൾ ഒരു നല്ല കർഷക കുടുംബാംഗവും ഒരു സർവീസ് കാലം വിവിധ തസ്തികയിൽ ബാങ്ക് ജോലി ചെയ്തയാളും ഒരു കർഷകമിത്രവുമാണ്.

## പെൻഷൻ ഫണ്ടിൽ കെട്ടിക്കിടക്കുന്നത് 2.4 ലക്ഷം കോടി രൂപ

പൊതുമേഖലാ ബാങ്കുകളിലെ ജീവനക്കാർക്കായി 1993 ൽ ആരംഭിച്ച പെൻഷൻ കോർപ്പസ് ഫണ്ടിൽ കെട്ടിക്കിടക്കുന്നത് 2.4 ലക്ഷം കോടി രൂപ. ഫണ്ടിൽ ആവശ്യത്തിന് പണമില്ലെന്നാണ് 25 വർഷമായി പെൻഷൻ പരിഷ്കരിക്കാത്തതിന് കാരണമായി ബാങ്കുകൾ നിരത്തുന്ന മുഖ്യ വാദം. ഓൾ കേരള ബാങ്ക് റിട്ടയറീസ് ഫോറം മുൻ കൈ എടുത്ത് വിവരാവകാശ പ്രകാരം വസ്തുതകൾ ശേഖരിച്ചപ്പോഴാണ് നിലവിലുള്ള പെൻഷൻ ഇരട്ടിയായി വർദ്ധിപ്പിച്ചാലും കോപ്പസ് ഫണ്ടിൽ കരുതൽ ധനം ഉണ്ടാവുമെന്ന വിവരം പുറത്തായത്. ബാങ്ക് ജീവനക്കാർക്ക് 26 വർഷമായി പെൻഷൻ പരിഷ്കരണമില്ല. 2017–18 സാമ്പത്തിക വർഷത്തിൽ മുഴുവൻ പെൻഷൻകാർക്കും പെൻഷൻ നല്കാൻ ചെലവായത് 14,800 കോടി രൂപയാണ്. ഇതേ കാലയളവിൽ കോർപ്പസ് ഫണ്ടിലെ തുകക്കുള്ള പലിശയായി ലഭിച്ചത് 18,400 കോടിയും. പലിശയുടെ 75% മതി പെൻഷൻ നല്കാൻ. പൊതുമേഖലാ ബാങ്ക് ജീവനക്കാരുടെ ശമ്പളം 1993 ശേഷം അഞ്ചു തവണ പരിഷ്ക്കരിച്ചെങ്കിലും പെൻഷൻ ഒരു തവണ പോലും കൂട്ടിയിട്ടില്ല.

കടപ്പാട്: മാതൃഭൂമി

# കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ

## ഭരണ സമിതി യോഗം

**കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ** 2019 ഡിസംബർ മാസത്തിലെ ഭരണ സമിതി യോഗം 13 – ാം തീയതി വെള്ളിയാഴ്ച്ച പ്രസിഡന്റ് **ശ്രീ എം.ജി. രാഘവന്റെ** അദ്ധ്യക്ഷതയിൽ നടന്നു. വൈസ് പ്രസിഡന്റ് ശ്രീ.സി.പി.മാത്യു സ്വാഗതം ആശംസിച്ചു. അദ്ധ്യക്ഷൻ തന്റെ ഉപക്രമ പ്രസംഗത്തിൽ സംഘത്തിന്റെ വളർച്ചക്കാവശ്യമായ പുതിയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശിച്ചു. അതിനായി പുതിയ ജി. ഡി. സി. എസ്., വായ്പ്പകൾ എന്നിവ തുടങ്ങുന്നത് കൂടാതെ സുരക്ഷിതമായ ഇൻവെസ്റ്റ്മെന്റുകൾ, ഫ്രഞ്ചൈസികൾ, എന്നിവകൾ കൂടി യോഗം ആലോചിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.



**കഴിഞ്ഞ മാസത്തിലെ ഭരണ സമിതിയോഗത്തിന്റെ മിനിട്സ് യോഗത്തിൽ ഹോണററി സെക്രട്ടറി & കോട്ടയം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കമുണ്ടയ്ക്കൽ അവതരിപ്പിച്ചു.**

**അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ വിദേശപര്യടനത്തിലായതിനാൽ ഓഫീസ് ചുമതലയിലുള്ള ഭരണസമിതിയംഗം ശ്രീമതി.ത്രേസ്യാമ്മ ആന്റണി മാസാന്ത്യ**



**കണക്കുകൾ അവതരിപ്പിച്ചു. ചർച്ചകൾക്കും വിശദീകരണങ്ങൾക്കുമൊടുവിൽ റിപ്പോർട്ടും കണക്കും യോഗം അംഗീകരിച്ചു.**

## സൊസൈറ്റി ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2019 ഡിസംബർ മാസത്തിലെ നറുക്കെടുപ്പ് 13 – ാം തീയതി വെള്ളിയാഴ്ച്ച നടന്നു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. **25000 രൂപായുടെ കുറി** – (001) ശിവജി.പി.ബി.
2. **25,000 രൂപായുടെ കുറി** – (45) വി,കെ സിറിയക്ക്
3. **50,000 രൂപായുടെ കുറി** – (60) ശ്രീമതി.മറിയാമ്മ മാത്യു
4. **100,000 രൂപായുടെ കുറി** –(77) ശ്രീ. എം.ജെ.തോമസ്.
5. **100,000 രൂപായുടെ കുറി** –(106) ജോസിയ ജോസഫ്
6. **100,000 രൂപായുടെ കുറി III** –(148) **ശ്രീ. കെ.ജെ. വർഗീസ്**

നറുക്ക് ലഭിച്ചവർക്ക് 2020 ജനുവരി മാസം 10–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 10–ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു.

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

**താഴെ കൊടുത്തിട്ടുള്ള ആറ് അംഗത്വത്തിനുള്ള അപേക്ഷകൾ പരിഗണിച്ചതിൽ ആറിനും "എ" ക്ലാസ്സ് അംഗത്വം നല്കുന്നതിന് തീരുമാനമായി. പുതിയ അംഗങ്ങൾ :–**

1. **ശ്രീ. വി.റ്റി.കുര്യൻ**
2. **എ.സി.തോമസ്**
3. **മഹാദേവൻ നായർ**
4. **തങ്കപ്പൻ.എം.കെ.**
5. **ജോസഫ് എം**
6. **കുര്യൻ ജോസഫ്**

### സി ക്ലാസ്സ്

**കൂടാതെ ഇനിപ്പറയുന്ന ഒൻപത് പേർക്ക് സി ക്ലാസ്സ് അംഗത്വവും അനുവദിച്ചു.**

1. അന്നമ്മ ജോസഫ്
2. അമ്മു ഉത്തമൻ
3. ജോസഫ് മാത്യു
4. ലൂസി മാത്യു
5. ഫിലോമിന അഗസ്റ്റ്യൻ
6. ഓമന തോമസ്
7. വിജയാംബികാ ദേവി
8. ലൈലാമ്മ എം.എ.
9. കുഞ്ഞുമോൾ കുര്യൻ

**നവാഗതർക്ക് സ്വാഗതം!**

## ഏഴാമത്തെ 1,00,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

**ഏഴാമത്തെ 1,00,000 രൂപായുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു.**

**കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്. വൈസ് പ്രസിഡന്റ് ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ്നമ്പറിൽ 9446322416 ബന്ധപ്പെടുക.**

# എസ്ബിഐപെൻഷനേഴ്സ അസോസിയേഷൻ

## കോട്ടയം ജില്ലാ കേന്ദ്രം ത്രൈമാസ പൊതുയോഗവും അക്വാ ടൂറിസം പരിപാടിയും

എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ പൊതുയോഗം 2019 ഡിസംബർ മാസം 11– ാം തീയതി ബുധനാഴ്ച്ച വൈക്കം പാലാക്കരി അക്വാ ടൂറിസം കേന്ദ്രത്തിൽ വച്ച് നടന്നു. വൈക്കം ഏരിയാ കമ്മറ്റിയായിരുന്നു മുഖ്യ സംഘാടകർ. വൈക്കം ഏരിയ കമ്മിറ്റി ജോയിന്റ് കൺവീനർ, ശ്രീ ഡി.കെ. രാജഗോപാൽ, കൺവീനർ ശ്രീ.പി.പി.ഫിലിഫ് എന്നിവരുടെ മേൽനോട്ടത്തിലായിരുന്നു പരിപാടികൾ സംഘടിപ്പിച്ചത്. തികഞ്ഞ പ്രശാന്തതയും പ്രകൃതി സൗന്ദര്യവും ഒത്തുചേരുന്ന ഈ വിനോദ സഞ്ചാര കേന്ദ്രത്തിൽ എല്ലാ അംഗങ്ങൾക്കും അവരവർക്കിണങ്ങുന്ന വിനോദങ്ങളിൽ ഏർപ്പെടുന്നതിന് സൗകര്യമുണ്ടായിരുന്നു. പങ്കെടുത്തവർക്കെല്ലാം ഈ പരിപാടി വേറിട്ട ഒരനുഭവമായി. യോഗത്തിൽ കോട്ടയം ജില്ലാ സെക്രട്ടറി ശ്രി.പി. എം. ജേക്കബ് കഴിഞ്ഞ പൊതു യോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു.




കഴിഞ്ഞ പൊതു യോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു സംസാരിക്കുന്ന കോട്ടയം ജില്ലാ സെക്രട്ടറി ശ്രി. പി. എം. ജേക്കബ്.



ജില്ലാ ട്രഷറർ ശ്രീ.തോമസ് ഫിലിപ്പിന്റെ അഭാവത്തിൽ കണക്കുകളും ജില്ലാ സെക്രട്ടറി അവതരിപ്പിച്ചു. ചർച്ചകൾക്കും വിശദീകരണങ്ങൾക്കുമൊടുവിൽ റിപ്പോർട്ടും കണക്കും യോഗം അംഗീകരിച്ചു.

സ്റ്റേറ്റ് കമ്മിറ്റി അംഗം ശ്രീമതി റൈസാ ബീഗം കൃതജ്ഞത രേഖപ്പെടുത്തി.

## ചങ്ങനാശ്ശേരി ഏരിയാ കമ്മറ്റി ഭാരവാഹികൾ തോമസ്കുട്ടി ജോർജ്ജിന്റെ യാത്രയയപ്പ് ചടങ്ങിൽ

കറുകച്ചാൽ ശാഖയിൽ നിന്നും റിട്ടയർ ചെയ്ത തോമസ്കുട്ടി ജോർജ്ജിന്റെ യാത്രയയപ്പ് ചടങ്ങിൽ ചങ്ങനാശ്ശേരി ഏരിയാ കമ്മറ്റി ഭാരവാഹികൾ പങ്കെടുത്തു. വിരമിക്കുന്ന ദിവസവും സ്വന്തം ജന്മദിനവും ഒന്നിച്ചു വന്ന ഒരപൂർവ ദിനം കൂടിയായിരുന്നു ഇത്.



**തോമസ്കുട്ടി ജോർജ്ജിന്റെ ജന്മദിനവും റിട്ടയർമെന്റും ഒരേ ദിവസമായതിനാൽ ആഘോഷപൂർവം അദ്ദേഹം ജന്മദിന കേക്ക് മുറിക്കുന്നു. ചുറ്റും സന്തോഷം പങ്കിടുന്ന സഹപ്രവർത്തകർ.**




എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ വൈസ് പ്രസിഡന്റ് ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ അസ്സോസിയേഷനിലേക്ക് തോമസ്കുട്ടി ജോർജ്ജിനെ സ്വാഗതം ചെയ്യുന്നു.




ചടങ്ങിൽ പങ്കെടുത്ത് സംസാരിക്കുന്ന ചങ്ങനാശ്ശേരി ഏരിയാ കമ്മറ്റി കൺവീനർ ജോൺ വി.ചെറിയാൻ




ചിങ്ങവനം ശാഖയിൽ നിന്നും റിട്ടയർ ചെയ്ത ശ്രീമതി. ഏലിയാമ്മ തോമസിന്റെ യാത്രയയപ്പ് ചടങ്ങിൽ പങ്കെടുത്ത് കോട്ടയം ഏരിയാ കമ്മറ്റി ജോയിന്റ് കൺവീനർ അഡ്വ.കെ.ജെ.വർഗീസ് ആശംസകളർപ്പിച്ച് സംസാരിക്കുന്നു.



എസ്.ബി.ഐ., എം.ജി.റോഡ് ബ്രാഞ്ച് ചീഫ് മാനേജർ ശ്രീ. അക്ബർ ഒരു കമ്പ്യൂട്ടർ സെറ്റ് എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ എറണാകുളം ജില്ലാ പ്രസിഡന്റ് റ്റി. ഒ. ജോണിന് കൈമാറുന്നു. ജില്ലാ നേതാക്കളായ രാജഗോപാൽ, സജി എന്നിവരേയും കാണാം



**എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ വൈസ് പ്രസിഡന്റ് കെ.എൻ. വിശ്വനാഥൻ നായർ ഭാര്യാസമേതനായി ഓസ്ട്രേലിയൻ പര്യടനത്തിൽ!**




സ്റ്റേറ്റ് ബാങ്ക് സ്റ്റാഫ് യൂണിയൻ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഡി.പി.സി. ശില്പ്പശാലയിൽ പങ്കെടുത്ത് സംസാരിക്കുന്ന എസ്ബിഐ പെൻഷനേഴ്സ അസോസിയേഷൻ സംസ്ഥാന സെക്രട്ടറി എ.ജയകുമാർ.



വൈക്കം ശാഖയിൽ നിന്നും വിരമിച്ച ശ്രീ.പി.രാജന്റെ യാത്രയയപ്പ് യോഗത്തിൽ നിന്ന്.

# പാലാക്കരിയിൽ ഒരു ദിവസം

എസ്ബിഐ പെൻഷനേഴ്സ അസോസിയേഷൻ കോട്ടയം 2019 ഡിസംബർ മാസം 11– ാം തീയതി ബുധനാഴ്ച്ച വൈക്കം പാലാക്കരി അക്വാ ടൂറിസം കേന്ദ്രത്തിലേക്ക് ഒരു വിനോദയാത്ര നടത്തി. ഇവിടെയുള്ള ഹാൾ സൗകര്യമുപയോഗിച്ച് പൊതുയോഗവും എക്സി ക്യൂട്ടീവ് കമ്മറ്റി യോഗവും ചേർന്നു. വൈക്കം ഏരിയാ കമ്മറ്റിയായിരുന്നു മുഖ്യ സംഘാടകർ.





## വിശ്രമിക്കാനും പ്രകൃതിസൗന്ദര്യം ആസ്വദിക്കാനും ഒരു താവളം

രാവിലെ 10 മണിയോട് കുടി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രവർത്തകർ പാലാക്കരി അക്വാ ടൂറിസം കേന്ദ്രത്തിന്റെ പ്രവേശന കവാടത്തിൽ ഒത്തു ചേർന്നു. അവിടെ എല്ലാവരേയും സ്വീകരിക്കാൻ കോർഡിനേറ്റർ, വൈക്കം ഏരിയ കമ്മിറ്റി ജോയിന്റ് കൺവീനർ, ശ്രീ ഡി.കെ. രാജഗോപാൽ, കൺവീനർ ശ്രീ.പി.പി.ഫിലിഫ് ജില്ലാ പ്രസിഡന്റ് ശ്രീ എം.ജി. രാഘവൻ, സെക്രട്ടറി ശ്രീ P M ജേക്കബ് എന്നിവർ സന്നിഹിതരായിരുന്നു. തുടർന്ന് അവിടെയുള്ള ഹാളിൽ എല്ലാവരും ഒത്തുചേർന്നു.

പൊതുയോഗത്തിന്റെ അജണ്ട അനുസരിച്ചുള്ള നടപടിക്രമങ്ങൾ നടന്നു. ചായയ്ക്ക് ശേഷം എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ ഒഴികെ ബാക്കിയെല്ലാവരും പാലാക്കരി അക്വാ റ്റൂറിസം സെന്ററിലെ വിവിധ സംവിധാനങ്ങളിലേക്ക് കടന്നു. തുടർന്ന് എക്സിക്യൂട്ടീവ് കമ്മറ്റി യോഗ നടപടികൾ സമയം കളയാതെ പൂർത്തിയാക്കി. അതിന് ശേഷം എല്ലവരും ഒന്നിച്ച് കാഴ്ചകളിലും വിനോദങ്ങളിലും മുഴുകി.



ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രവർത്തകർ പാലാക്കരി അക്വാ ടൂറിസം കേന്ദ്രത്തിന്റെ പ്രവേശന കവാടത്തിനരികിൽ



എത്തിച്ചേർന്ന എല്ലാവരെയും ഓർഗനൈസിംഗ് കമ്മറ്റിക്കുവേണ്ടി വൈക്കം ഏരിയ കൺവീനർ പി.പി. ഫിലിപ്പ് സ്വാഗതം ചെയ്തു.



പലരുടേയും ക്യാമറായിൽ പതിഞ്ഞ ചാരുതയാർന്ന പ്രകൃതി ദൃശ്യങ്ങൾ!!



വൈക്കം ഏരിയ കൺവീനർ ശ്രീ. പി.പി.ഫിലിപ്പ





നീലിമയാർന്ന വാനം, കുളിർ കാറ്റ്, ശാന്ത സുന്ദരമായ കായൽപ്പരപ്പ്, അനനന്യരമണീയമായപ്രകൃതി, പച്ചപ്പ്!!.

എം.ജി.രാഘവനും ഡി.കെ. രാജഗോപാലനും അവിടെ ചെയ്തിരിക്കുന്ന ക്രമീകരണങ്ങളെപ്പറ്റി വിശദീകരിച്ചു. എറണാകുളം ഡെപ്യൂട്ടി ജ\റൽ സെക്രട്ടറി ശ്രീ. ജോസഫ് പാലക്കൻ, ജില്ല ലീഡർ ശ്രീ രാജഗോപാൽ എന്നിവർ ടൂർ പ്രോഗ്രാമിൽ വിശിഷ്ട അഥിതികളായി പങ്കുചേർന്നു. തുടർന്ന് ആദ്യത്തെ 35 പേരടങ്ങുന്ന ഒരു ബാച്ച്, ബോട്ടിൽ യാത്ര പുറപ്പെട്ടു.



രണ്ടാമത്തെ ബാച്ചിൽ 23 പേരുടെ ഒരു സംഘവും ബോട്ടിൽ കായൽ ചുറ്റാൻ പുറപ്പെട്ടു.



ബാക്കിയുള്ളവർ കരയിൽ നടന്ന് കാഴ്ച്ചകൾ കണ്ടും, ചൂണ്ടയിട്ടും പെഡൽ ബോട്ടിംഗ ഇൽ ഏർപ്പെട്ടും സമയും ചെലവഴിച്ചു. ചിലർ ചെറിയ സ്പീഡ് ബോട്ടിൽ കായലിൽ കുടി സഞ്ചരിച്ചു പ്രകൃതി സൗന്ദര്യം ആസ്വദിക്കുന്നു ണ്ടായിരുന്നു.



പെഡൽ ബോട്ടിംഗ് ആസ്വദിക്കുന്ന ഒരു ടീം



ചൂണ്ടയിൽ കുടുങ്ങിയ കരിമീനുമായി വി.ആർ.ബി.



ചങ്ങനാശ്ശേരി ഏരിയാ കമ്മറ്റി ജോയിന്റ് കൺവീനർ പി.ഉണ്ണിക്കുഞ്ഞ് മീൻ ചൂണ്ടയിട്ട് പിടിച്ചപ്പോൾ



മീൻ പിടിക്കാൻ പോരുന്നോ......? ഡെ. ജനറൽ സെക്രട്ടറി മാത്യു അടക്ക മുണ്ടയ്ക്കൽ ഗിഫ്റ്റ് തിലോപ്പിയ കാണാനും വാങ്ങാനും ഉള്ള ശ്രമത്തിൽ



ഒരുമണിയ്ക്കു ഉച്ചഭക്ഷണം. പ്ലാസ്റ്റിക് ടംപ്ലർ, കടലാസ്സ് പ്ലേറ്റ് തുടങ്ങി അജൈവ മാലിന്യങ്ങൾ സൃഷ്ടിക്കുന്നതൊന്നും നല്കാതെ സ്റ്റീൽ പാത്രങ്ങളിലേക്കുള്ള തിരിച്ചു വരവ് ശ്രദ്ധേയമായി. അതിനുശേഷം വീണ്ടും ഹാളിൽ ഒത്തുചേർന്നു.



കെ.ഐ.ഫിലിപ്പ്, ജെയിൻ എബ്രഹാം എന്നിവർ ചേർന്ന് അവതരിപ്പിച്ച പരിപാടി

പ്രവത്തകരുടെ പാട്ട്, മിമിക്രി പരിപാടികൾ സമ്മേളനത്തിന് കൊഴുപ്പേകി. ശ്രീമതി മേരിക്കുട്ടി, ശ്രീ K P ജോസ്, കെ.ഐ.ഫിലിപ്പ്, ജെയിൻ എബ്രഹാം എന്നിവർ പരിപാടികൾ അവതരിപ്പിച്ചു.



കെ.പി.ജോസ് ഗാനം ആലപിക്കാനുള്ള തയാറെടുപ്പിൽ. തമ്പോല കളിക്കായി തയ്യാറെടുക്കുന്ന എറണാകുളം ഡെ. ജനറൽ സെക്രട്ടറി. ജോസഫ് പാലക്കനേയും കാണാം.



ഒരു ഗാനം അവതരിപ്പിക്കുന്ന ജെയിൻ എബ്രഹാം.

എറണാകുളം DGS ശ്രീ ജോസഫ് പാലക്കൻ തന്റേതായ വാക്ക് ചാതുര്യം കൊണ്ട് സദസ്സിനെ കൈയിലെടുത്തു. തുടർന്ന് തംബോലയ്ക്ക് അദ്ദേഹം നേതൃത്വം കൊടുത്തു.



V. R. ബാലകൃഷ്ണനും എം.ജി. രാഘവനും അദ്ദേഹത്തെ സഹായിച്ചു. വിജയികൾക്ക് ജില്ലാ വൈസ് പ്രസിഡന്റ് ശ്രീമതി ത്രേസ്സ്യമ്മ ആന്റണി ,സമ്മാനം വിതരണം ചെയ്തു. സംഘടന കാര്യങ്ങളെപ്പറ്റി DGS മാത്യു അടക്കമുണ്ടയ്ക്കൽ സംസാരിച്ചു. Bipartite ചർച്ചകളുടെ പുരോഗതി അദ്ദേഹം വിലയിരുത്തി. അടുത്തകാലത്തെ VRS കാർക്ക് പെൻഷൻ നിർത്തലാക്കുന്നു എന്ന കോടതി വിധിയെ പ്പറ്റിയും അദ്ദേഹം പരാമർശിച്ചു. ടൂർ വിജയപ്രദമാക്കുന്നതിന് അദ്ധ്വാനിച്ച ശ്രീ DK രാജഗോപാലിനെ DGS ശ്രീ പാലക്കനും എറണാകുളം ജില്ല നേതാവ് ശ്രീ രാജഗോപാലും ചേർന്ന് പൊന്നാട അണിയിച്ചു, അദ്ദേഹത്തെ അഭിനന്ദിച്ചു.



തുടർന്ന് സ്റ്റേറ്റ് കമ്മിറ്റി അംഗം ശ്രീമതി റൈസാ ബീഗം സംസാരിച്ചു.

ജില്ലാ സെക്രട്ടറി ശ്രീ പി.എം.ജേക്കബ്ബ് ഏരിയാ കമ്മറ്റികൾ എല്ലാ മാസവും ചേരേ തിന്റെയും പുതിയ അംഗങ്ങളെ ചേർക്കേ തിന്റെയും ആവശ്യകതകൾ വിശദീകരിച്ചു. പ്രവർത്തന ഫ ് സമാഹരണം, ബെനവലെന്റ് ഫ ് തുടങ്ങി അസ്സോസിയേഷന്റെ പ്രവർത്തനങ്ങളും വിശദീകരിച്ചു. ഈ വിനോദയാത്രയും സമ്മേളനവും വിജയകരമാക്കിത്തീർത്ത എല്ലാവർക്കും, ഏരിയ കമ്മറ്റി നേതാക്കൾക്കും പ്രത്യേകിച്ച് വൈക്കം ഏരിയ കമ്മിറ്റിയ്ക്കും അദ്ദേഹം നന്ദി അറിയിച്ചു.



ജില്ലാ സെക്രട്ടറി പി.എം.ജേക്കബ്ബ് കൃതജ്ഞത രേഖപ്പെടുത്തുന്നു.

ചായ സൽക്കാര ത്തിനുശേഷം 4 മണിയോടുകൂടി യോഗം പിരിഞ്ഞു. പ്രവർത്തകർ എടുത്ത ചില ഫോട്ടോകൾ താഴെ കൊടുക്കുന്നു അടയ്ക്കാമു യ്ക്കൽ

# ധർണ

ജനുവരി 4, 2020, ശനിയാഴ്ച വൈകുന്നേരം 4.30 ന് വഞ്ചി സ്ക്വയർ, ഹൈക്കോർട്ട് ജംഗ്ഷൻ, എറണാകുളം.

ബാങ്കിംഗ് മേഖലയിൽ ദീർഘകാലമായി ആവശ്യപ്പെടുന്ന പെൻഷൻ പരിഷ്കരണം, ഫാമിലി പെൻഷൻ വർദ്ധന ഇവയുൾപ്പെടെയുള്ള ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായുള്ള പ്രക്ഷോഭങ്ങളുടെ ഭാഗമായി AIBPARC, SBIPAK, AKBRF സംഘടനകളുടെ ജില്ലാ തല നേതൃത്വത്തിന്റെ ഒരു സംയുക്ത മീറ്റിംഗ്, ഇന്നലെ രാവിലെ 10.30 ന് എറണാകുളം AIBOC ഭവനിൽ കൂടുകയുണ്ടായി. നമ്മുടെ സംഘടനയെ പ്രതിനിധീകരിച്ച് ഡി.ജി.എസ്., ശ്രീ.

ജോസഫ് പാലയ്ക്കൽ, സ്റ്റേറ്റ് ട്രഷറർ ശ്രീ.കെ.എസ്. ജയറാം, ജില്ലാ പ്രസിഡന്റ്, ശ്രീ.റ്റി.ഒ.ജോൺ, വൈസ്.പ്രസിഡന്റ്, ശ്രീ.പി.പി. ഫ്രാൻസിസ്, അസിസ്റ്റന്റ് ട്രഷറർ ശ്രീ. സി.ജി. രാജഗോപാൽ, ജോ.സെക്രട്ടറി. സി.ആർ.ഷാജി, പാലാരിവട്ടം ഏര്യ കൺവീനർ ശ്രീ. വൈദ്യനാഥൻ എന്നിവർ പങ്കെടുത്തു.




AIBPARC, SBIPAK, AKBRF സംഘടനകളുടെ ജില്ലാ തല നേതൃത്വത്തിന്റെ സംയുക്ത യോഗത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുന്ന ഡെ. ജനറൽ സെക്രട്ടറി. ശ്രീ.ജോസഫ് പാലയ്ക്കൻ

ശ്രീ.ബി.ശ്രീകുമാർ, ശ്രീ.ജോസഫ് പാലയ്ക്കലും ജനുവരി നാലാം തീയതി വൈകുന്നേരം നടത്തുവാനുദ്ദേശിക്കുന്ന ധർണ അംഗങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധേയവും വമ്പിച്ച വിജയവുമാക്കണമെന്നും, ആവശ്യപ്പെടുക യുണ്ടായി.

ഇക്കഴിഞ്ഞയാഴ്ച തിരുവനന്തപുരം സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിയ ധർണ ജനശ്രദ്ധയാകർഷിക്കുകയും സമൂഹമാദ്ധ്യമങ്ങളിൽ വലിയ ചർച്ചയാവുകയും ചെയ്തത് അതിൽ പങ്കെടുത്ത ശ്രീ. പാലയ്ക്കൻ സൂചിപ്പിക്കുകയുമുണ്ടായി. സർക്കാരിന്റെയും അധികാരികളുടെയും ശ്രദ്ധയിൽ നമ്മുടെ നിരന്തരമായ ആവശ്യങ്ങളായ പെൻഷൻ പരിഷ്കരണവും, വർദ്ധനയും, കൊണ്ടുവരുന്നതിനുള്ള പ്രക്ഷോഭങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിക്കുന്നതിനു നമുക്കെല്ലാവർക്കും കഴിയണമെന്നും പറഞ്ഞു.

ധർണയുടെ വിശദമായ വിവരങ്ങൾ താമസിയാതെ തന്നെ മാന്യ അംഗങ്ങളെ അറിയിക്കുന്നതാണ്. ആയതിനാൽ ജനുവരി നാലാം തീയതി ശനിയാഴ്ച വൈകുന്നേരം നാലരയ്ക്കാരംഭിക്കുന്ന ധർണ വമ്പിച്ച വിജയമാക്കുന്നതിൽ ഓരോരുത്തരുടെയും മഹനീയ സാന്നിദ്ധ്യം സാദരം അഭ്യർത്ഥിക്കുന്നു.

സി.ആർ.ഷാജി
ജോയിന്റ് സെക്രട്ടറി,
എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ
എറണാകുളം.

# ടി. എൻ.മദനൻ സുഹൃദ് വേദി

ടി. എൻ.മദനൻ സുഹൃദ് വേദിയുടെ ആഭിമുഖ്യത്തിൽ എറണാകുളം ലോട്ടസ് ക്ലബ് ഹാളിൽ മദനൻ അനുസ്മരണ സമ്മേളനവും, എസ്.ബി.ഒ.എ. പബ്ലിക് സീനിയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾക്കായി മദനന്റെ സ്മരണയ്ക്കായി അദ്ദേഹത്തിന്റെ കുടുംബം സ്ഥാപിച്ച പ്രഥമ മെരിറ്റ് അവാർഡു് വിതരണവും ഇന്നലെ നടന്നു. എസ്.ബി.ഒ.എ.കേരള സർക്കിൾ മുൻ ജനറൽ സെക്രട്ടറി ശ്രീ.വി.കരുണാകരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ, മദനന്റെ പത്നി യശോദയും, മക്കളും മരുമക്കളും, കൊച്ചുമക്കളും അടങ്ങുന്ന കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, എസ്.ബി.ഒ.എ സ്കൂൾ സ്റ്റാഫ്, ബാങ്ക് പെൻഷനേഴ്സ് ഉൾപ്പെടെ നൂറ്റമ്പതോളം പേർ പങ്കെടുത്തു.



മദനന്റെ സന്തത സഹചാരികളിൽ ഒരാളായിരുന്ന ശ്രീ.കരുണാകരൻ അദേഹത്തിന്റെ സ്മരണകൾ യോഗത്തിൽ വിവരിച്ചു. മുഖ്യാതിഥിയായിരുന്ന ജസ്റ്റിസ്.കെ.സുകുമാരൻ തന്റെ വിശദമായ പ്രസംഗത്തിൽ, ബാങ്കിന്റെ പാരമ്പര്യവും അതിനനുയോജ്യമായ തരത്തിലുള്ള മദനന്റെ പെരുമാറ്റവും പ്രവർത്തനവും, എസ്.ബി.ഒ.എ. സ്കൂളിന്റെ സ്ഥാപകപ്രവർത്തനത്തിലുള്ള പങ്കും, ഒരു ഗ്രന്ഥകാരൻ എന്ന നിലയിലെഴുതിയ പുസ്തകങ്ങളെപ്പറ്റിയും വിശദമായും സരസമായും പ്രതിപാദിക്കുകയുണ്ടായി. യോഗത്തിൽ പ്ലസ്ടുവിനും പത്താം ക്ലാസിലും ഏറ്റവും മികച്ച വിദ്യാർത്ഥി കൾക്കായേർപ്പെടുത്തിയ സ്മാരക ഫലകവും ക്യാഷ് അവാർഡും അടങ്ങിയ മെരിറ്റ് അവാർഡുകകൾ, കുമാരി ജി. മീനാക്ഷിയ്ക്കും, മാസ്റ്റർ റ്റി.എൻ. യദുകൃഷ്ണനും ജസ്റ്റിസ്. കെ.സുകുമാരൻ വിതരണം ചെയ്തു. ഡോക്ടർ.സെബാസ്റ്റ്യൻ പോൾ, ഡോക്ടർ. ഗോപിനാഥ് പനങ്ങാട്, ഇ.എൻ.നന്ദകുമാർ, കെ പി രാമനുണ്ണി എന്നിവർ അദ്ദേഹത്തിന്റെ വ്യത്യസ്തങ്ങളായ അപദാനങ്ങളെപ്പറ്റി സംസാരിച്ചു. അഡ്വ.പി.ആർ ജയകൃഷ്ണൻ സ്വാഗതവും ടി.എൻ.ആരോമലുണ്ണി കൃതഞ്ജതയും പറഞ്ഞു.



എസ്.ബി.ഐ.പെൻഷനേഴ്സ് അസ്സോസിയേഷന്റെ തിരുവനന്തപുരം ജില്ലാ കേന്ദ്രം ഭാരവാഹികൾ എസ്.ബി.ഐ. മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗത്തിൽ നിന്ന്.



എസ്.ബി.ഐ.പെൻഷനേഴ്സ് അസ്സോസിയേഷന്റെ ഭാരവാഹികൾ എസ്.ബി.ഐ. മാനേജ്മെന്റുമായി നടത്തിയ സംസ്ഥാന തല അർദ്ധ വാർഷിക ചർച്ചാ യോഗത്തിൽ നിന്ന്.



തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസ് സി.ഡി.ഒ. മി.ചെല്ലയ്യ, അദ്ദേഹത്തിന്റെ റിട്ടയർമെന്റിന് മുന്നോടിയായി അസ്സോസിയേഷൻ പ്രസിഡന്റ് കെ.രാജീവൻ ജനറൽ സെക്രട്ടറി എ.ജയകുമാർ എന്നിവർ ചേന്ന് അനുമോദിക്കന്നു. ചീഫ് ജനറൽ മാനേജരേയും കാണാം

# പുതിയ മെഡിക്കൽ ഇൻഷുറൻസ് സ്കീം

**സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ (esbt) നിന്നും വിരമിച്ച നമ്മുടെ പ്രവർത്തകരുടെയും, ഒരു മെഡിക്കൽ ഇൻഷുറൻസ് സ്ക്കിമിലും ചേരാത്ത എസ്.ബി.ഐ.യിലെ പെൻഷൻകാരുടെയും ശ്രദ്ധക്ക്**

2020 ജനുവരി ഒന്നാം തീയതി മുതൽ ഒരു പുതിയ മെഡിക്കൽ ഇൻഷുറൻസ് സ്കീം തുടങ്ങുകയാണെന്നുള്ള വിവരം അറിഞ്ഞിരിക്കുമല്ലോ. നിലവിലുള്ള t ]mfിkി _ി. പരിഷ്കരിച്ച് SBI Health Asst എന്ന പേരിൽ പല അനുകൂല്യങ്ങളോടുകൂടിയാണ് ബാങ്ക് ഈ പദ്ധതി പുറത്തിറക്കുന്നത്. ഈ സ്കീം esbt യിൽ നിന്നും വിരമിച്ചവർക്കും അവരുടെ ഫാമിലി പെൻഷൻകാർക്കും കുടി ഉദ്ദേശിച്ചിട്ടുള്ളതാണ്. അതിന്റെ ചില പ്രത്യേകതകൾ താഴെ കൊടുക്കുന്നു

1) ഫാമിലി പെൻഷൻകാർക്കും 70 വയസ്സ് തികഞ്ഞവർക്കും പ്രീമിയത്തിന് backend സബ്സിഡി അടിസ്ഥാന പ്രീമിയത്തിന്റെ 50% അതായത് 3 ലക്ഷത്തിന്റെ പോളിസിയ്ക്കു അടിസ്ഥാന പ്രീമിയം (GST കൂടാതെ )16542 രൂപ, സബ്സിഡി - 8271/രൂപ

2)നമ്മുടെ ആവശ്യമനുസരിച് 3/ 5 ലക്ഷം ത്തിന്റേയോ പോളിസി തെരുഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം. കേഡർ വ്യത്യാസം ഇല്ല.

3) മുന്ന് കൊല്ലത്തേക്ക് ഒരേ പ്രീമിയം

4) 3 ലക്ഷം/ 5 ലക്ഷം പോളിസിയ്ക്ക് 6 ലക്ഷം രൂപയുടെ സൂപ്പർ ടോപ് അപ്പ്, ഒരു രൂപയും നമ്മൾ മുടക്കേണ്ട. മൊത്തം കവർ 9.00 ലക്ഷം (3+6=9, 5+6=11)

5) മരുന്ന് വാങ്ങിക്കുന്നതിന്
e ഫർമസി സൗകര്യം 18000 രൂപ പ്രതിവർഷം, 6000 രൂപ അടയ്ക്കുമ്പോൾ ബാങ്ക് 12000/ രൂപ തരുന്നു. മൊത്തം 18000 രൂപയുടെ സ്കീം

6) ഇൻഷുറൻസ് സ്കീം നടപ്പാക്കുന്നത് sആക ജനറൽ ഇൻഷുറൻസ് ഇീിുമ്യ വഴി.

7) 3 ലക്ഷം പോളിസി കാർക്ക് ഹോസ്പിറ്റലിൽ റൂം വാടകയുടെ പരിധി 5000 രൂപ ICU വിന്റെ വാടകയുടെ പരിധി 9500 രൂപ,

8) അസുഖങ്ങൾ ക്കുള്ള ചിലവിന്റെ പരിധി കൂട്ടി.ഉദാ 3 ലക്ഷം പോളിസി എടുത്ത ഒരാളിന് catract ന് 45000 രൂപയും ഹെർണിയ100000 രൂപയും ആണ് പരിധി.

9) റജിസ്റ്റർ ചെയ്യാൻ 15/1/2020 വരെ സമയം ഉണ്ട്, അതിനുള്ള അപേക്ഷക്കും മറ്റ് സഹായത്തിനും കുമാരനല്ലൂർ അസോസിയേഷൻ ഓഫീസമായി ബന്ധപ്പെടാം.

സെക്രട്ടറി Smt.Thresiamma Antony Mob 944-632-2416

# നിര്യാതനായി

## ആദരാഞ്ജലികൾ!!.

### എൻ.എം.സുകുമാരൻ

നമ്മുടെ കോഴിക്കോട് യൂണിറ്റ് അംഗം, സ്റ്റേറ്റ് ബാങ്ക് റിട്ടയേർഡ് എൻ.എം.സുകമാരൻ(66) എൽ.എം.4224 നിര്യാതനായ വിവരം വ്യസനസമേതം അറിയിക്കുന്നു.



**എൻ.എം.സുകുമാരൻ**

**സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുന്നതോടൊപ്പം പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.**

## മുൻ എസ്.ബി.ഐ. ജീവനക്കാരി സെലിൻ ജോർജ്ജിന്റെ മകനും മരുമകളും



മുൻ എസ്.ബി.ഐ. ജീവനക്കാരി സെലിൻ ജോർജ്ജിന്റെ മകനും മരുമകളും വാഹനാപകടത്തിൽ കൊല്ലപ്പെട്ട വിവരം **വ്യസന സമേതം റിപ്പോർട്ട് ചെയ്യുന്നു.** അകാലത്തിൽ പൊലിഞ്ഞു പോയ മകന്റെയും മരുമകളുടേയും ജീവിതം എങ്ങനെയാണ് മാതപിതാക്കൾക്ക് സഹിക്കാനാകുക!. ഈ സഹനത്തിന് ജഗദീശ്വരൻ അവർക്കും കടുംബത്തിനും കരുത്ത് നല്കട്ടെ! സന്തപ്ത കടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുന്നതോടൊപ്പം പരേതാത്മാക്കൾക്ക് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.

## സംസ്ഥാന പ്രസിഡന്റ് ശ്രീ.കെ. രാജീവൻ

അനുശോചനക്കുറിപ്പിൽ തന്റെ അഗാധമായ ദുഖം രേഖപ്പെടുത്തുന്നു.



എന്തെഴുതിയാണ് മിസ്സിസ് സെലിൻ ജോർജിനേയും കുടുംബാംഗങ്ങളേയും ആശ്വസിപ്പിക്കാൻ കഴിയുക എന്ന നിസ്സഹായാവസ്ഥയിലാണിപ്പോൾ. ഈ തീരാദുഃഖത്തെ നേരിടാനുള്ള കരുത്ത് സർവ്വേശ്വരൻ അവർക്ക് നൽകട്ടെ എന്ന പ്രാർഥനയോടെ,

രാജീവൻ

## ആദരാഞ്ജലികൾ!!.

**പൊറ്റെക്കാട്ട് ബാലകൃഷ്ണ മേനോന്റെയും പൊന്നാനി കാരം കുന്നത്ത് കുഞ്ഞിലക്ഷ്മി അമ്മയുടേയും മകൻ ചാലപ്പുറം ലക്ഷ്മി അപ്പാർട്ട്മെന്റിൽ റിട്ടയർഡ് എസ്.ബി.ഐ. ഓഫീസർ .കെ.പി.ഹരിദാസ് അന്തരിച്ച വിവരം റിപ്പോർട്ട് ചെയ്യുന്നു.**







**സിസ്റ്റർ ബ്രിജീറ്റിൻ കലേക്കാട്ടിൽ**

എസ്.ബി.ഐ.പെൻഷണേഴ്സ് അസ്സോസിയേഷന്റെ കോട്ടയം അംഗം ശ്രീ.ജാൻസ് ജേക്കബ്ബിന്റെ സഹോദരി സിസ്റ്റർ ബ്രിജീറ്റിൻ കലേക്കാട്ടിൽ (77) നിര്യാതയായ വിവരം വ്യസനസമേതം അറിയിക്കുന്നു.

എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.




എസ്.ബി.ഐ.പെൻഷണേഴ്സ് അസ്സോസിയേഷന്റെ അംഗം മുൻ മാനേജർ ജഗദീഷ് കമ്മത്തിന്റെ പിതാവ് വെങ്കിടേശ് കമ്മത്ത് നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു.

**മി. എ.ആർ. രാമകൃഷ്ണ പിള്ള (90).**



മുൻനിരണം ബ്രാഞ്ച് മാനേജർ (റിട്ടയേർഡ്) മി. എ.ആർ. രാമകൃഷ്ണ പിള്ള (90) . മൃതദേഹം പള്ളം ദ്വാരക വീട്ടു വളപ്പിൽ സംസ്കരിച്ചു. പരേതാത്മാവിന് നിത്യ ശാന്തി നേരുന്നു.

**ആദരാഞ്ജലികൾ!!**

## ജോൺ ചാക്കൊ (ബാബു-70)



**അഞ്ചൽ പനച്ചിവിള ഇലന്തവിള ഗ്രേസ് ഭവനിൽ റിട്ടയർഡ് എസ്.ബി.ഐ. ഓഫീസർ ജോൺ ചാക്കൊ (ബാബു-70) നിര്യാതനായി.**

# അഭിനന്ദനങ്ങൾ!!

## 61 വയസില് 'നീറ്റ് പരീക്ഷ' കടമ്പ കടന്ന് ഈ വയനാട്ടുകാരന്! ഡോക്ടറാവാൻ വിദേശത്തേക്ക്



വൈത്തിരി: 41 വർഷത്തെ കാത്തിരിപ്പിനൊടുവിൽ നീറ്റ് ജയിച്ചെങ്കിലും ഇന്ത്യയിലെവിടെ...വൈത്തിരി: 41 വർഷത്തെ കാത്തിരിപ്പിനൊടുവിൽ നീറ്റ് ജയിച്ചെങ്കിലും ഇന്ത്യയിലെവിടെഎം.ബി.ബി.എസിന് സീറ്റ് ലഭിക്കാത്തതിനാൽ 61കാരൻ വിദേശത്തേക്ക്. പറന്നത്. എല്ലാ മേഖലയിലും വയോജനങ്ങൾക്കു സംവരണവും മുൻഗണനയും ഉണ്ടായിട്ടും വൈഉണ്ടായിട്ടും വൈദ്യപഠനത്തിനു പിന്തുണ ലഭിക്കാത്തതിൽ മുരളീധരന് ദുഃഖവുംഅമർഷവുമുണ്ട്. കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും എം.ബി.ബി.എസ് സീറ്റിന് ഒരുഒരുപാടു ശ്രമിച്ചെങ്കിലും ഓരോരോ കാരണങ്ങൾ പറഞ്ഞു അപേക്ഷ തള്ളി. മുരളീധരൻ ശ്രമം തുടർന്നു. ഡൽഹിയിലെ കൺസൾട്ടൻസി വഴി ഉസ്ബെകിസ്താനിലേക്കു അവസരം വന്നപ്പോൾ വിവിമാനം കയറുകയായിരുന്നു. സാമ്പത്തികമായി പിന്നാക്കമായ കുടുംബത്തിൽനിന്നാണ് കുടുംബത്തിൽനിന്നാണ് മുരളീധരൻ ബാങ്കിൽ ജോലിക്കു കയറിയത്....

ജോലി ലഭിച്ച സമയത്തുതന്നെ ഡോക്ടറാവാൻ മോഹവുമായി നടന്ന മുരളീധരന് 'ഉള്ള ജോലികളഞ്ഞ് മെഡിക്കൽ പഠനം വേണ്ട' എന്ന ഉപദേശമാണ് കിട്ടിയത്. പിന്നെ വിരമിക്കും വരെ കാത്തിരുന്നു. 1978ൽ പ്രവേശന പരീക്ഷ എഴുതിയിരുന്നു. സിങ്കപ്പൂർ സ്വദേശിയായ ഷഷ്ടിപൂർത്തി കഴിഞ്ഞ ഒരാൾ റുമേനിയയിൽ പോയി മെഡിക്കൽ ബിരുദമെടുത്ത കഥ വായിച്ചതോടെ ഇനി പിന്നോട്ടില്ലെന്ന് തീരുമാനിക്കുകയായിരുന്നു. വിരമിച്ച ശേഷം കോച്ചിങ്ങിനൊന്നും പോകാതെ പഠിച്ചെടുത്ത വിവരവുമായാണ് നീറ്റ് എഴുതടുത്ത വിവരവുമായാണ് നീറ്റ് എഴുതിയത്. പരീക്ഷ പ്രോസ്പെക്ടസിൽ മെഡിക്കൽ പഠനത്തിന് കുറഞ്ഞ പ്രായം 17 എന്നുണ്ടെങ്കിലും ഉയർന്ന പ്രായപരിധി വെച്ചിട്ടില്ല. എന്നാൽ, സംസംസ്ഥാന ക്വോട്ടയിലും കേന്ദ്ര ക്വോട്ടയിലും പ്രായപരിധി 25 ആണ്. അലോപ്പതിയല്ലാത്ത ചില കോഴ്സുകൾക്ക് പ്രവേശനം ലഭ്യമായിരുന്നെങ്കിലും എം.ബി.ബി.എസ് തന്നെയായിരുന്നു വേ ിയിരുന്നത്. റുമേനിയയിലും ഫിലിപ്പീൻസിലും അഞ്ചു വർഷ കോഴ്സിന് അപേക്ഷ സ്വീകരിച്ചുവെങ്കിലും അടുത്ത വർഷമാണ് പ്രവേശനം ലഭിക്കുക. ഇതോടെയാണ് ഉസ്ബെകിസ്താനിൽ ആറു വർഷ കോഴ്സിന് ചേർന്നത്. ഓരോ സംസ്ഥാനവും ഓരോ സീറ്റെങ്കിലും മുതിർന്ന പൗരന്മാർക്കായി മാറ്റിവെക്കണമെന്നാണ് മുരളീധരന്റെ പക്ഷം. ഭാര്യ ശ്രീലത ഹയർ സെക്കൻഡറി സ്കൂൾ അധ്യാപിക. മകൻ അവിനാശ് മുരളി പൈലറ്റാണ്.

# അനുമോദനങ്ങൾ!!

അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.


പത്രാധിപ സമിതി അംഗങ്ങൾ
പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ സി.കെ.വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്സ്യാമ്മ ആന്റണി
കെ.കെ.പാപ്പച്ചൻ

പത്രാധിപ സമിതി
രക്ഷാധികാരി
ശ്രീ.മാത്യു അടയ്ക്കാമു ക്കൽ
മാനേജിംഗ് എഡിറ്റർ
ശ്രീ.എം.ജി.രാഘവൻ
ചീഫ് എഡിറ്റർ ശ്രീ.പി.പി.ഫിലിപ്പ്


**P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല.**

ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കഭ ക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.

ചീഫ് എഡിറ്റർ